(സി) ടി മെഡിക്കൽ കോളേജിനായി മൊത്തംവരുന്ന ചെലവെത്രയാണ് ; ടി ഇുക എങ്ങനെ കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ; ഇതിനകം അനുവദിച്ച ഇുകയുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മെഡിക്കൽ കോളേജ് 2016-17-ൽ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തറക്കല്ലിട്ടതിനുശേഷം നരിക്കല്ല് നിറഞ്ഞ പ്രദേശം പ്രവർത്തന സജ്ജമാക്കാൻ തീവ്രപ്രയത്നം വേണ്ടിവന്നു. പ്രദേശത്ത് വൈദ്യുതി വിതരണത്തിന് നിലവിലുണ്ടായിരുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുകയും പുതുതായി ലൈനുകൾ സ്ഥാപിച്ചും പ്രവർത്തനയോഗ്യമാക്കി. പദ്ധതി പ്രദേശത്ത് റോഡുകളുടെ നിർമ്മാണം നടക്കുന്നു. ശുദ്ധജല വിതരണത്തിന് കേരള വാട്ടർ അതോറിറ്റി തീവ്രമായി പ്രവർത്തിക്കുന്നു. ആശുപത്രിക്ക് വേണ്ടി ആദ്യഘട്ട നിർമ്മാണത്തിന് കിറ്റ്കോ ലിമിറ്റഡിന്റെ നേതൃത്വത്തിൽ 27-12-2014 -ൽ ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ അടങ്കൽതുക 6845 ലക്ഷം രൂപയാണ്. ടെൻഡർ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കാസർഗോഡ് പാക്കേജിൽനിന്നും കോളേജിന് 25 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) കാസർഗോഡ് മെഡിക്കൽ കോളേജിനായി 388 കോടി രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്നു. ഡോ. പി. പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്ത 25 കോടി രൂപ 2014-15-ൽ ലഭ്യമാകും. നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം 6845 ലക്ഷം രൂപയും ലഭ്യമാക്കും. 2012-13, 2013-14, 2014-15 സംസ്ഥാന ബഡ്ജറ്റുകളിലായി 11.25 കോടി രൂപ കാസർഗോഡ് മെഡിക്കൽ കോളേജിനായി അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളുടെ അംഗീകാരം പുതുക്കൽ

110 (802) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജ്, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നിവ ഉൾപ്പെടെയുള്ള നാല് മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള അംഗീകാരം പുതുക്കേണ്ടതില്ലെന്ന മെഡിക്കൽ കൗൺസിൽ തീരുമാനത്തിന്റെ കാരണം അറിയിക്കാമോ ;

(സി) മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ച് പ്രസ്തുത കോളേജുകളിലെ കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കാൻചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ ;

(ഡി) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള എം.ബി.ബി.എസ്. പ്രവേശനത്തിന് പ്രസ്തുത സ്ഥാപനങ്ങളെയും പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഓരോ വിഭാഗത്തിലുള്ള റിസർച്ച് പബ്ലിക്കേഷന്റെ അഭാവം, സീനിയർ റസിഡന്റുമാരുടെ അഭാവം പ്രത്യേകിച്ച് ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകളിൽ ആണ് വലിയൊരു ശതമാനം പോരായ്മയായി കാണിച്ചിട്ടുള്ളത്. ഇതുകൂടാതെ ആഡിറ്റോറിയം, പരീക്ഷാ ഹാൾ, വാർഡുതല ലക്ചർ ക്ലാസ്സുകൾ, ക്വാർട്ടേഴ്സ്, ഹോസ്റ്റലുകൾ ഇവയുടെ കുറവൊക്കെയാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സർക്കാർ കോളേജുകളുടെ പോരായ്മയായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇവയിൽ ഫാക്കൽറ്റിയുടെ 10% കുറവ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡപ്രകാരം അനുവദനീയമാണ്.

(ബി&സി) ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ച കംപ്ലയൻസ് റിപ്പോർട്ട് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഫൈനൽ ഇൻസ്പെക്ഷൻ നടത്തുന്ന മുറയ്ക്ക് അംഗീകാരം ലഭിക്കുന്നതാണ്. കൊച്ചി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആലപ്പുഴയിൽ 50-ഉം കൊച്ചിയിൽ 100-ഉം സീറ്റുകൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് വിധേയമായി അഡ്മിഷൻ നടത്തുന്നതിനായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly